ഖുത്ബ നമ്പർ
15
11-04-2014

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

# ജുമുഅ ഖുത്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایدہ اللہ تعالیٰ بنصرہ العزیز

വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, തമ്മനം


Baitul Futuh, London

# ഖുത്ബ ഇൽഹാമിയ; ഒരു അത്ഭുത ദൃഷ്ടാന്തം

ഇന്നേ ദിവസം അതായത് 1900 ഏപ്രിൽ 11 ന് വെളിപ്പെട്ട ഹ: മസീഹ് മൗഊദ് (അ) ന്റെ ഒരു ദൃഷ്ടാന്തത്തെ സംബന്ധിച്ചാണ് ഞാനിന്ന് പരാമർശിക്കാനാഗ്രഹിക്കുന്നത്. അറബി ഭാഷയിൽ ഹ: മസീഹ് മൗ ഊദ് (അ) നൽകിയ ഖുത്ബയാണ് ആ ദൃഷ്ടാന്തം. അത് ഒരു വിശേഷ ദൈവിക സഹായത്താലാണ് അദ്ദേഹത്തിന്റെ നാവിൽ നിന്നും പുറപ്പെട്ടത്. പ്രത്യുത അത് ദൈവിക വെളിപാടായിരുന്നു. ദൈവിക വെളിപാടിന്റെ ഒരു അടയാളമായിരുന്നു. അക്കാരണത്താൽ അതിന് ഖുത്ബ ഇൽഹാമിയ എന്ന പേരാണ് നൽകിയിരിക്കുന്നത്. ദൈവിക വെളിപാടു മുഖേനയുള്ള ഈ ഖുത്ബയെയും അന്നേരത്തെ അവസ്ഥയെയും 200 ഓളം പേർ കേൾക്കുകയും ദർശിക്കുകയും ചെയ്തു.

ഒരു വ്യക്തി എന്നോട് ഇന്ന് ഇതിനെ സംബന്ധിച്ച് പരാമർശിക്കുന്നതിനായി പറയുകയുണ്ടായി. ഇന്ന് വെള്ളിയാഴ്ച്ച ദിവസവുമാണ്. കാരണം ചില അഹ്മദികൾ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കാരണത്താൽ ഖുത്ബ ഇൽഹാമിയ എന്ന പേർ കേട്ടിട്ടുണ്ടാകാം. എന്നാലതിന്റെ ചരിത്രത്തെയും പശ്ചാത്തലത്തെയും വിഷയത്തെയും സംബന്ധിച്ച് അവർക്കറിവുണ്ടാകില്ല. എന്നാൽ ഖുത്ബ ഇൽഹാമിയ എന്താണെന്നറിയാത്ത അഹ്മദികളും ഉണ്ടെന്നറിഞ്ഞപ്പോൾ അത്ഭുതമാണ് തോന്നിയത്.

അല്ലാഹു ഹ: മസീഹ് മൗഊദ് (അ) നെ പിന്തുണച്ചു കൊണ്ട് വെളിപ്പെടുത്തിയ ദൃഷ്ടാന്തമായിരുന്നു ഇത് എന്നതാണ് എല്ലാവരും അറിഞ്ഞിരിക്കേണ്ട വസ്തുത. അത് നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുന്നു. അഹ്മദിയ്യത്തിന്റെ എതിരാളികളുടെ വായടപ്പിക്കുന്നതിനായി നമുക്ക് സന്ദർഭമൊരുക്കിതരുന്നു. മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യത്തിനായി നമുക്ക് തെളിവുകൾ ലഭ്യമാക്കുന്നു. ഖുത്ബ ഇൽഹാമിയയെ പോലുള്ള ദൃഷ്ടാന്തങ്ങൾ മഹത്തായ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. ഇത് വലിയ വലിയ പണ്ഡിതന്മാരുടെ വായടപ്പിക്കുകയുണ്ടായി.

ഏതായാലും ഞാനിതിന്റെ സംക്ഷിപ്ത ചരിത്ര പശ്ചാത്തലം വിവരിക്കുന്നതാണ്. അതോടൊപ്പം ജമാഅത്തംഗങ്ങളിൽ അത് എന്ത് പ്രഭാവമാണ് ചെലുത്തിയത്, അവർ എത്തരത്തിലുള്ള അവസ്ഥയിലൂടെ ആണ് കടന്നു പോയത്, കൂടാതെ അന്യർ തൽസംബന്ധമായി എന്താണ് പറയുന്നത് എന്നതും ഞാൻ പരാമർശിക്കുന്നതാണ്. പിന്നീട് ഖുത്ബയിൽ നിന്നുള്ള ഏതാനും ഭാഗങ്ങളും ഞാൻ പരാമർശിക്കുന്നതായിരിക്കും.

ഈ ഖുത്ബ മുഴുവനായും വായിക്കുമ്പോഴായിരിക്കും അതിന്റെ മഹത്വത്തെയും യാഥാർത്ഥ്യത്തെയും കുറിച്ചുള്ള അറിവ് ലഭിക്കുക. എന്നാൽ ഞാൻ വായിക്കാനായി തിരഞ്ഞെടുത്തിട്ടുള്ള ഏതാനും ഭാഗങ്ങളിൽ നിന്നും അതിന്റെ മഹത്വത്തെയും ഹ: മസീഹ് മൗഊദ് (അ) ന്റെ സ്ഥാനത്തെയും പദവിയേയും കുറിച്ചുള്ള അറിവ് ലഭിക്കുന്നതാണ്. പ്രത്യേകഗ്രന്ഥമായി തന്നെ പ്രസിദ്ധീകരിച്ച കാരണത്താലാണ് തദ്കിറയിൽ ഇതിനെ ഉൾപ്പെടുത്താതിരുന്നത്. എന്നാൽ ഭാവിയിൽ തദ്കിറ പ്രസിദ്ധീകരിക്കുമ്പോൾ അത് ഏത് ഭാഷയും ഏത് എഡിഷനുമായിരിക്കട്ടെ ബന്ധപ്പെട്ട വിഭാഗം തൽസംബന്ധമായി എന്നോട് ചോദിക്കേണ്ടതാണ്.

അൽഹക്കം പത്രത്തിൽ പ്രസിദ്ധീകരിച്ച അല്ലെങ്കിൽ ജമാഅത്തിന്റെ ചില രിവായത്തുകളിൽ വന്നിട്ടുള്ള തനുസരിച്ച് ഖുത്ബ ഇൽഹാമിയയുടെ ചരിത്ര പശ്ചാത്തലം ഇപ്രകാരമാണ്. യൗമുൽ അറഫാത്തിന്റെ ദിവസം അതായത് വലിയ പെരുന്നാളിന്റെ തലേ ദിവസം അതിരാവിലെ ഹ: മസീഹ് മൗഊദ് (അ) ഒരു കത്തിലൂടെ മൗലാന നൂറുദ്ദീൻ സാഹിബിന് ഒരു അറിയിപ്പ് നൽകി. ഞാൻ ഇന്നത്തെ പകലും രാത്രിയിലെ ഏതാനും ഭാഗങ്ങളും എനിക്കും എന്റെ സുഹൃത്തുക്കൾക്കും വേണ്ടി ദുഃആയിൽ മുഴുകാൻ ആഗ്രഹിക്കുന്നു. അതിനാൽ ദുഃആ ചെയ്യുമ്പോൾ അവരുടെ പേരുകൾ ഓർമയിൽ വരുന്നതിന് വേണ്ടി ഇവിടെയുള്ള സുഹൃത്തുക്കൾ അവരുടെ പേരും താമസസ്ഥലവും മറ്റും എനിക്ക് എഴുതിതരിക. അതനുസരിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കി ഹുസൂറിന്റെ സമക്ഷത്തിലേക്ക് അയച്ചു. അതിനു ശേഷവും പുറത്ത് നിന്ന് പിന്നെയും ആളുകൾ എത്തിച്ചേർന്നു. അവർ ദർശനത്തിനും ദുഃആക്കു വേണ്ടിയും അസ്വസ്ഥരായി എഴുത്തെഴുതി നൽകാൻ തുടങ്ങി. ഹുസൂർ രണ്ടാമതും അറിയിപ്പ് നൽകിക്കൊണ്ട് എഴുതി, ഇനി ഒരു എഴുത്തും അയക്കരുത്. അതു മുലം തടസം നേരിടുന്നു.

ജംആക്കി നമസ്ക്കരിപ്പെട്ട മഗ്രിബ് ഇശാ നമസ്കാരത്തിനായി ഹുസൂർ വരികയുണ്ടായി. നമസ്കാരത്തിന് ശേഷം പറഞ്ഞു; ഇന്നത്തെ പകലും രാത്രിയുടെ ചില ഭാഗങ്ങളും ദുഃആയിൽ കഴിച്ചു കൂട്ടുന്നതാണെന്ന് ഞാൻ അല്ലാഹുവിനോട് വാഗ്ദാനം ചെയ്തിരിക്കുന്നു. അതിനാൽ വാഗ്ദാന ലംഘനം ഉണ്ടാകാതിരിക്കുവാനായി ഞാൻ പോകുകയാണ്. അങ്ങനെ പറഞ്ഞുകൊണ്ട് ഹുസൂർ കടന്ന് പോയി. ദുഃആയിൽ മുഴുകയും ചെയ്തു.

അടുത്ത പ്രഭാതത്തിൽ അതായത് പെരുന്നാൾ ദിവസം മൗലവി സാഹിബ് അകത്ത് ചെന്ന് പ്രഭാഷണത്തിനായി പ്രത്യേക നിവേദനം അർപ്പിച്ചു. അപ്പോൾ ഹുസൂർ പറഞ്ഞു,

അല്ലാഹു എനിക്കും അതിന് കല്പന നൽകിയിരിക്കുന്നു. എന്നിട്ട് പറഞ്ഞു, ജനക്കൂട്ടത്തിൽ അല്പം അറബി വചന ങ്ങൾ പറയുക എന്ന് രാത്രി ദൈവിക വെളിപാടുണ്ടായി. ഞാൻ മറ്റേതോ ജനക്കൂട്ടമായിരിക്കുമെന്നാണ് ധരിച്ചത്. എന്നാൽ അത് ഈ പെരുന്നാളിന്റെ ജനക്കൂട്ടമാണ്,

റിപ്പോർട്ടിൽ പറയുന്നു, മസീഹ് മൗഊദ് (അ) അറബി ഖുത്വബ നൽകാൻ തയ്യാറായപ്പോൾ മൗലവി അബ്ദുൽ കരീം സാഹിബിനും മൗലവി നൂറുദ്ദീൻ സാഹിബിനും കല്പന നൽകിക്കൊണ്ട് പറഞ്ഞു, നിങ്ങൾ അടുത്തിരുന്ന് കൊണ്ട് ഈ ഖുത്വബയെ എഴുതി രേഖപ്പെടുത്തുക. മൗലവി സാഹി ബുമാർ സന്നദ്ധരായപ്പോൾ ഹുസൂർ യാ ഇബാദില്ലാഹ് എന്ന പദം കൊണ്ട് ഖുത്വ്ബ ആരംഭിച്ചു. ഖുത്വ്ബക്കിടയിൽ ഹദ്റത് അഖ്ദസ് (അ) പറഞ്ഞു, ഇനി എഴുതിക്കൊണ്ടേയിരിക്കുക. ഏതെങ്കിലും പദം മനസ്സിലായില്ലെങ്കിൽ ഉടൻ ചോദിക്കേണ്ടതാണ്.

ഹദ്റത് അഖ്ദസ് ഖുത്വ്ബ നൽകിയതിന് ശേഷം ഇരുന്നപ്പോൾ അധികമാളുകളുടെയും അപേക്ഷയിൽ മൗലവി അബ്ദുൽ കരീം സാഹിബ് പരിഭാഷ കേൾപ്പിക്കു ന്നതിനായി എഴുന്നേറ്റു. മൗലാന സാഹിബ് പരിഭാഷ കേൾപ്പിക്കുന്നതിന് മുമ്പായി ഹദ്റത് അഖ്ദസ് പറഞ്ഞു, പെരുന്നാളിന്റെ തലേ രാത്രി അറഫാത്ത് ദിനത്തിൽ ഞാൻ ചെയ്ത ദുഃആയുടെ സ്വീകാര്യതയ്ക്കുള്ള ദൃഷ്ടാന്തമാണിത്. അഥവാ ഖുത്വ്ബ അറബി ഭാഷയിൽ മുഴുവനായും നൽകിയാൽ മുഴുവൻ ദുഃആകളും സ്വീകരിക്കപ്പെട്ടതായി മനസ്സിലാക്കാവുന്നതാണ്. അൽഹംദുലില്ലാഹ്. എല്ലാ ദുഃആകളും വാഗ്ദാനമനുസരിച്ച് സ്വീകരിക്കപ്പെട്ടിരിക്കുന്നു. പിന്നീട് അതിന്റെ ഉർദു പരിഭാഷ കേൾപ്പിക്കാൻ തുടങ്ങി. മൗലാന അബ്ദുൽ കരീം സാഹിബ് പരിഭാഷ കേൾപ്പിച്ചു കൊണ്ടിരുന്നപ്പോൾ ഹദ്റത് അഖ്ദസ് (അ) വളരെ ആവേശ ത്തോടെ നന്ദി സൂചകമായി സുജൂദ് ചെയ്തു. ഹുസൂറിനോ ടോപ്പം അവിടെ സന്നിഹിതരായിരുന്ന എല്ലാവരും നന്ദി സൂചകമായി സുജൂദ് ചെയ്തു. സുജൂദിൽ നിന്ന് തല ഉയർ ത്തിക്കൊണ്ട് ഹദ്റത് അഖ്ദസ് പറഞ്ഞു, ഇപ്പോൾ ഞാൻ ചുവന്ന അക്ഷരത്തിൽ മുബാറക്ക് എന്ന് എഴുതിയതായി കണ്ടു. ഇത് സ്വീകാര്യതയുടെ അടയാളമാകുന്നു.

അൽഹക്കമിലുള്ള റിപ്പോർട്ടാണിത്. മൽഫൂസാത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

പിന്നീട് ഹദ്റത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥമായ നുസൂലുൽ മസീഹിൽ പറയുന്നു, ഈദുൽ അസ്ഹ ദിനത്തിന്റെ പ്രഭാതത്തിൽ അല്പം അറബിയിൽ സംസാരിക്കുക എന്ന വെളിപാടുണ്ടായി. അങ്ങിനെ ധാരാളം ആളുകളോട് ഞാനത് പറയുകയും ചെയ്തു. അതിന് മുമ്പ് ഞാനൊരിക്കലും അറബി ഭാഷയിൽ പ്രസംഗിച്ചിട്ടുണ്ടാ യിരുന്നില്ല. എന്നാൽ അന്ന് ഞാൻ പെരുന്നാൾ ഖുത്വ്ബ അറബിയിൽ നൽകുന്നതിനായി എഴുന്നേറ്റു. അപ്പോൾ അല്ലാഹു സാഹിത്യസമ്പുഷ്ടമായ അർഥ സമ്പുഷ്ടമായ വചനങ്ങൾ എന്റെ നാവിലൂടെ പുറപ്പെടുവിച്ചു. അത് ഖുത്വ്ബ ഇൽഹാമിയയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പല ഭാഗങ്ങളുള്ള ആ പ്രഭാഷണം ഒരു നിൽപ്പിൽ തന്നെ നിമിഷ പ്രഭാഷണമായിട്ടാണ് നിർവ്വഹിക്കപ്പെട്ടത്. അല്ലാഹു തന്റെ വെളിപാടിൽ അതിന്റെ പേര് നിശാൻ (അടയാളം) എന്നാണ് വെച്ചത്. തൽസമയ പ്രഭാഷണം കേവലം അല്ലാഹുവിന്റെ സഹായത്താലാണ് വെളിപ്പെട്ടത്. ഒരു അറബി സാഹിത്യകാരന് പോലും ഈ പ്രഭാഷണം മനപ്പാഠമായി നിന്ന നിൽപ്പിൽ നൽകാൻ സാധിക്കില്ലായെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. ഏകദേശം 150 ഓളം ആളുകൾ അന്നേരം ഈ പ്രഭാഷണത്തിന് സാക്ഷികളാണ്.

പിന്നീട് ഹഖീഖത്തുൽ വഹ്‌യിൽ അല്പം വിശദമായിട്ട് അദ്ദേഹം പറയുന്നു, 1900 ഏപ്രിൽ 11 ന് വലിയ പെരുന്നാൾ ദിവസം പ്രഭാതത്തിൽ എനിക്കൊരു വെളിപാടുണ്ടായി. ഇന്ന് നീ അറബിയിൽ പ്രസംഗിക്കുക. നിനക്ക് പ്രാപ്തി നൽകപ്പെട്ടിരിക്കുന്നു. കൂടാതെ كَلَام فُصِّلَتْ مِنْ لَّدُنْ رَبِّ كَرِيْمٍ എന്ന വെളിപാടും ഉണ്ടായി. അതായത് ഈ വചനങ്ങൾ ക്കായി അല്ലാഹുവിൽ നിന്ന് നിനക്ക് വാക്ചാതുര്യം നൽകപ്പെട്ടിരിക്കുന്നു.

ഈ വെളിപാടിനെ സംബന്ധിച്ച് ഉടൻ തന്നെ മൗലവി അബ്ദുൽ കരീം സാഹിബ് മർഹൂം, മൗലവി സൂറുദീൻ സാഹിബ്, ശേഖ് റഹ്മത്തുല്ലാ സാഹിബ്, മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്, മൗലവി മുഹമ്മദലി സാഹിബ് എം.എ, മാസ്റ്റർ അബ്ദുർറഹ്മാൻ സാഹിബ്, മാസ്റ്റർ ശേർ അലി സാഹിബ് ബി.എ, ഹാഫിസ് അബ്ദുൽ അലി സാഹിബ് തുടങ്ങിയ ധാരാളം സുഹൃത്തുക്കൾക്ക് അറിയിപ്പ് നൽകി. അങ്ങനെ പെരുന്നാൾ നമസ്കാരത്തിന് ശേഷം പെരുന്നാൾ ഖുത്വ്ബ അറബിയിൽ നൽകുന്നതിനായി എഴുന്നേറ്റ് നിന്നു. അദൃശ്യതയിൽ നിന്ന് എനിക്ക് ശക്തി നൽകപ്പെട്ടു എന്ന് അല്ലാഹുവിനറിയാം. വളരെ സാഹിത്യ സമ്പുഷ്ടമായ അറബി എന്റെ നാവിൽ നിന്നും പുറപ്പെട്ടുകൊണ്ടിരുന്നു. ഇത് എന്റെ കഴിവിനതീതമായിരുന്നു. പല ഭാഗങ്ങളിലാ യുള്ള ഈ പ്രഭാഷണം മുൻകൂട്ടി കടലാസിൽ എഴുതി രേഖപ്പെടുത്തിയിട്ടല്ലാതെ ലോകത്തൊരാൾക്കും തന്നെ സവിശേഷ ദൈവിക വെളിപാടിന്റെ സഹായമില്ലാതെ ഇത്ര സാഹിത്യ സമ്പുഷ്ടമായ ഭാഷയിൽ നൽകാൻ കഴിയുമെന്ന് എനിക്ക് ചിന്തിക്കാൻ കഴിയില്ല. ഖുത്വ്ബ ഇൽഹാമിയ്യ എന്ന് പേരിട്ടിട്ടുള്ള ഈ പ്രഭാഷണം ജനങ്ങളെ കേൾപ്പിച്ചപ്പോൾ അവിടെ സന്നിഹിതരായിരുന്നവരുടെ എണ്ണം 200 നടുത്തായിരുന്നെന്ന് തോന്നുന്നു. **സുബ്ഹാനല്ലാഹ്.**

അന്നേരം ഒരു അദൃശ്യ അരുവി പുറപ്പെടുകയായിരുന്നു. സംസാരിക്കുന്നത് ഞാനാണോ അതോ എന്റെ നാവിലൂടെ മലക്കാണോ എന്നെനിക്ക് അറിയല്ല. കാരണം ഈ വചനങ്ങളിൽ എന്റെ യാതൊരു നിയന്ത്രണവും ഇല്ല എന്നെനിക്കറിയാമായിരുന്നു. തയ്യാറാക്കി വെച്ചിരിക്കുന്ന വചനങ്ങൾ സ്വയം എന്റെ നാവിൽ നിന്ന് ഉൽഭവിക്കുക യായിരുന്നു. ഓരോ വചനവും എനിക്കായി അടയാളമാ യിരുന്നു. എല്ലാ വചനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ പേര് **ഖുത്വ്ബ ഇൽഹാമിയ** എന്നാകുന്നു. ഇത്ര വലിയ ഖുത്വ്ബ ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യാതെ നിമിഷ പ്രസംഗമെന്ന നിലയിൽ അറബി ഭാഷയിൽ പ്രസംഗിക്കുക എന്നത് ഏതെങ്കിലും മനുഷ്യന്റെ കഴിവിൽ പെട്ടതാണോ എന്ന് ഈ ഗ്രന്ഥം വായിക്കുമ്പോൾ മനസ്സിലാകുന്നതാണ്. ഇത് അല്ലാഹു കാണിച്ചു തന്ന വിജ്ഞാന ദൃഷ്ടാന്തമാകുന്നു. ആർക്കും അതിന് സമാനമായത് സമർപ്പിക്കാൻ സാധ്യമല്ല. ഈ വെല്ലുവിളി ഇന്നും നിലനിൽക്കുന്നുണ്ട്.

ഈ ഖുത്വ്ബ നൽകിയതിനെ സംബന്ധിച്ച് അഹ്മദി ചരിത്രഗ്രന്ഥത്തിൽ ചില കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഖുത്ബ ഒരു മഹത്തായ വിജ്ഞാന ദൃഷ്ടാന്ത മായിരുന്നു. അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് കൊണ്ട് അത് മനപ്പാഠമാക്കുന്നതിനായി ഹ: മസീഹ് മൗഊദ് (അ) തന്റെ അനുചരന്മാരെ പ്രേരിപ്പിക്കുകയുണ്ടായി. അതിനെ പ്രാവൃത്തികമാക്കിക്കൊണ്ട് സൂഫി ഗുലാം മുഹമ്മദ് സാഹിബ്, ഹദ്റത് മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്, മൗലവി മുഹമ്മദ് അലി സാഹിബ് എന്നിവരെ കൂടാതെ മറ്റ് ഏതാനും സഹാബാക്കളും അത് മനപ്പാഠമാക്കി. അവസാനം പരാമർശിച്ച രണ്ട് പേർ മസ്ജിദ് മുബാറക്കിന്റെ മട്ടുപ്പാവിൽ മഗ്‌രിബ് ഇശാ നമസ്കാരങ്ങൾക്കിടയിലുള്ള സമയത്ത് ഹ: മസീഹ് മൗഊദ് (അ) ന്റെ സദസിലും അത് മനപ്പാഠമായി കേൾപ്പിച്ചു. അങ്ങേയറ്റം സാഹിത്യ തൽപരനായിരുന്ന മൗലവി അബ്ദുൽ കരീം സാഹിബ് ഇതിനെ വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു. അക്കാരണത്താൽ ഇടയ്ക്കിടക്ക് അത് കേൾപ്പിച്ചുകൊണ്ടിരിക്കുമായിരുന്നു. അതിലെ ചില ഭാഗങ്ങളിൽ അദ്ദേഹം എപ്പോഴും വിറകൊള്ളുമായിരുന്നു. മൗലവി സാഹിബിനെ പോലെയുള്ള മഹാനായ പണ്ഡിതന് ഖുത്ബ ഇൽഹാമിയയുടെ ദൃഷ്ടാന്ത വചനങ്ങളിൽ വിറയൽ അനുഭവപ്പെടുക എന്നത് ഒരു മഹത്തായ കാര്യമായി ഗണിക്കാവുന്നതാണ്.

ഖുത്ബ ശ്രവിച്ചുകൊണ്ടിരുന്ന ഒരു കുട്ടിയെ പോലും അത് ആകർഷിക്കാതിരുന്നില്ല എന്നതാണ് അല്ലാഹുവിൽ നിന്നുള്ള ആശ്ചര്യകരമായ ഒരു വസ്തുത. ഖലീഫത്തുൽ മസീഹ് സാനി പറയുന്നു; ''ഈ പ്രഭാഷണം നിർവ്വഹിക്കപ്പെട്ട ദിനം അസ്തമിക്കുന്നതിനുമുമ്പ് തന്നെ 12 വയസ്സിന് താഴെയുള്ള ചെറിയ ചെറിയ കുട്ടികൾ പോലും ഖാദിയാന്റെ ഇടനാഴികളിലൂടെ ഖുത്ബയുടെ വചനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തുകൊണ്ടിരുന്നു.''

1901 ആഗസ്റ്റ് 1 നാണ് ഈ ഖുത്ബ പ്രസിദ്ധീകരിക്കപ്പെട്ടത്. ഹുസൂർ വളരെ സൂക്ഷ്മതയൊടു കൂടി എഴുത്തുകാരനെകൊണ്ട് അത് എഴുതിച്ചു. ഫാർസിയിലും ഉർദുവിലുമുള്ള പരിഭാഷയും സ്വയം നിർവ്വഹിച്ചു. അറബി ഭാഷ ചിഹ്നങ്ങളും സ്വയം നൽകി. യഥാർഥ ഖുത്ബ ഗ്രന്ഥത്തിലെ 38ാം പേജിൽ അവസാനിക്കുന്നു. അത് ഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് രേഖപ്പെട്ടുകിടക്കുന്നു. പിന്നീട് അവസാനം വരെയുള്ള സ്ഥലത്ത് ഹുസൂർ തുടർന്ന് വർധിപ്പിച്ച് എഴുതിയ പൊതുവായ രചനയാണ്. മുഴുവൻ ഗ്രന്ഥത്തിനും ഖുത്ബ ഇൽഹാമിയ എന്ന പേരാണ് നൽകിയിരിക്കുന്നത്. അതായത് ആദ്യഭാഗമാണ് യഥാർഥ **ഖുത്ബ ഇൽഹാമിയ.**

ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചപ്പോൾ വലിയ വലിയ അറബി പണ്ഡിതന്മാർ അതിന്റെ അനുമപമായ ഭാഷയിലും മഹത്തായ ജ്ഞാനത്തിലും അത്ഭുത സ്തബ്ദരായി. യഥാർഥത്തിൽ വിശുദ്ധ ഖുർആന് ശേഷം തുല്യമായത് ലഭിക്കാത്ത മുഹമ്മദീ മസീഹിന്റെ വിജ്ഞാന ദൃഷ്ടാന്തമാകുന്നു ഇത്. ഈ ഖുത്ബ ഇൽഹാമിയയെ സംബന്ധിച്ച് ഹ: മസീഹ് മൗഊദ് (അ) ന്റെ പരിശുദ്ധ കരങ്ങളാൽ എഴുതപ്പെട്ടതായി ഏതാനും സ്വപ്നങ്ങൾ തദ്കിറയിൽ രേഖപ്പെട്ടു കാണുന്നുണ്ട്. 1900 ഏപ്രിൽ 17ന് മിയാൻ അബ്ദുല്ലാഹ് സാഹിബ് സനോരിയുടെ ഒരു സ്വപനം രേഖപ്പെടുത്തിയതായിട്ടുണ്ട്. മിയാൻ അബ്ദുല്ലാഹ് സനോദരി പറയുന്നു; ''മുൻശി ഗുലാം ഖാദിർ മർഹൂം സനോദരി ഇവിടെ വന്നിരിക്കുന്നു. മിയാൻ അബ്ദുല്ലാഹ് സാഹിബ് അദ്ദേഹത്തോട് ചോദിച്ചു. ഈ ജൽസയെ സംബന്ധിച്ച് അവിടുത്തുകാർ എന്താണ് പറയുന്നത്? അദ്ദേഹം മറുപടിയായി പറഞ്ഞു, മുകളിൽ വലിയ പ്രകമ്പനമാണ് അതുണ്ടാക്കിയിരിക്കുന്നത്. (സ്വപ്നമാണ് വിവരിക്കുന്നത്.) ഈ സ്വപ്നം ഇതേ പോലെതന്നെ സയ്യദ് അമീർ അലി ശാഹ് സാഹിബിന്റെതുമായി സാദൃശ്യമുള്ളതാണ്. അദ്ദേഹം കണ്ടത്, പെരുന്നാൽ ദിവസം ഖുത്ബ നൽകുമ്പോൾ ജനാബ് റസൂൽ തിരുമേനി (സ) യും ഹദ്റത് ഈസാ (അ) ഉം ഹദ്റത് മൂസാ (അ) ഉം ഹദ്റത് ഹിദ്ർ (അ) ഉം സന്നിഹിതരാണ്. അവരത് ശ്രവിക്കുകയാണ്. ഈ സ്വപ്നം ഖുത്ബയുടെ സമയത്താണ് ഉണ്ടായത്. അവരവിടെ ഇരിക്കുന്നതായി അനുഭവപ്പെടുകയായിരുന്നു.''

ചില സഹാബാക്കളുടെ പ്രതികരണമാണ് ഇനി ഞാൻ പറയുന്നത്. ഹദ്റത് ഹാഫിസ് അബ്ദുൽ അലി സാഹിബ് പറയുന്നു, ''ഞാൻ ഖുത്വബ ഇൽഹാമിയയുടെ സമയത്ത് സന്നിഹിതനായിരുന്നു. ഹുസൂറിന്റെ ശബ്ദത്തിന് അന്നേരം പരിവർത്തനം വന്നിരുന്നു. സിയാൽകോട്ട് ജില്ലയിലെ വെളിപാടുണ്ടാകാറുണ്ടായിരുന്ന ഒരു വ്യക്തി എന്റെടുത്ത് ഇരിക്കുകയായിരുന്നു. അഹ്മദിയായിരുന്നു. മലക്കുകളും അത് കേൾക്കാൻ സന്നിഹിതരായിരുന്നു എന്നദ്ദേഹം പറയുന്നുണ്ടായിരുന്നു.''

ഹദ്റത് മിർസാ ഫദ്ൽ ബേഗ് സാഹിബ് പറയുന്നു, ''ഈദുൽ അദ്ഹയിലെ ഖുത്ബ ഇൽഹാമിയ ഹ: മസീഹ് മൗഊദ് (അ) മസ്ജിദ് അഖ്സയിലെ പഴയ ഭാഗത്ത്, മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടത്തിലുണ്ടായിരുന്ന ഭാഗത്തുള്ള പുറത്തെ വാതിലിനടുത്തുള്ള ഭാഗത്ത്, വരാന്തയുടെ പടിക്കൽ നിന്ന്കൊണ്ടായിരുന്നു അറബിയിൽ നിർവ്വഹിച്ചത്. ഓരോ വാക്കും മൂന്ന് പ്രാവശ്യം ആവർത്തിച്ചിരുന്നു. മൗലവി ഹാജി ഖലീഫത്തുൽ മസീഹ് അവ്വലും മൗലവി അബ്ദുൽ കരീം സാഹിബും അത് പകർത്തിയെഴുതുകയായിരുന്നു. വാക്ക് സീനാണോ സാഅ് ആണോ, അലിഫാണോ ഐൻ ആണോ എന്നൊക്കെ ചോദിച്ചുകൊണ്ടിരുന്നു. ചുരുക്കത്തിൽ മൗലവി സാഹിബുമാർ സംശയങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. ഹദ്റത് അത് ശരിയാക്കുമായിരുന്നു. ഖുത്ബ കഴിഞ്ഞപ്പോൾ ഹുസൂർ മൗലവി അബ്ദുൽ കരീം സാഹിബിനോട് പറഞ്ഞു, താങ്കൾ പരിഭാഷപ്പെടുത്തി പൊതുജനങ്ങൾക്ക് കേൾപ്പിക്കുക. മൗലവി സാഹിബ് പരിഭാഷ കേൾപ്പിച്ചു. പിന്നീട് നന്ദി സൂചകമായ സുജൂദ് ചെയ്യുകയുണ്ടായി.

ഹദ്റത് മൗലാന ശേർലി സാഹിബ് പറയുന്നു, ഈ പെരുന്നാളിലെ ഖുത്ബ ഇൽഹാമിയ ഹദ്റത് സാഹിബ് നൽകിയത്. ഹജ്ജ് ദിനത്തിന്റെ പ്രഭാതത്തിൽ ഹദ്റത് മസീഹ് മൗഊദ് (അ) മൗലവി സാഹിബിന് സന്ദേശം അയച്ചുകൊണ്ട് പറഞ്ഞു, ഇവിടെയുള്ള എല്ലാവരുടെയും പേരുകൾ എഴുതി എനിക്ക് നൽകുക. അവർക്കായി ഞാൻ ദുഃആ ചെയ്യുന്നതാണ്. ഹദ്റത് മൗലവി സാഹിബ് അവിടെയുണ്ടായിരുന്ന എല്ലാവരേയും തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിൽ ഒരുമിച്ച് കൂട്ടി. തഅ്ലീമുൽ ഇസ്‌ലാം അന്നാളുകളിൽ മദ്രസ അഹ്മദിയ്യായുടെ സ്ഥലത്തായിരുന്നു. ആളുകളുടെ പേരുകളുടെ ലിസ്റ്റ് തയ്യാറാക്കി ഹദ്റത് സാഹിബിന്റെ പക്കലേക്ക് അയച്ചു. ഹദ്റത് സാഹിബ് വരാന്തയുടെ വാതിലടച്ച് ദുഃആയിൽ

മുഴുകി. പിന്നീട് വന്നവർ അടഞ്ഞ വാതിലിലൂടെ കത്തുകൾ അകത്തേക്ക് എത്തിച്ചിരുന്നു. രാവിലെ മസീഹ് മൗഊദ് (അ) പെരുന്നാളിനായി പുറത്തുവന്നു പറഞ്ഞു, ഏതാനും വചന ങ്ങൾ അറബിയിൽ പറയുക എന്ന് രാത്രിയിൽ വെളിപാടു ണ്ടായിരുന്നു. മൗലവി അബ്ദുൽ കരീം സാഹിബിനും മൗലവി നൂറുദ്ദീൻ സാഹിബിനും സന്ദേശം നൽകികൊണ്ട് പറഞ്ഞു, കടലാസും പേനയും മഷിയും കൊണ്ടുവരിക. കാരണം അറബിയിൽ ഏതാനും വചനങ്ങൾ പറയുന്നതിനായി ഇൽഹാം ഉണ്ടായിരിക്കുന്നു.

നമസ്കരിപ്പിച്ചത് മൗലവി അബ്ദുർ കരീം സാഹിബായി രുന്നു. മസീഹ് മൗഊദ് പിന്നീട് കസേരയിൽ ഇരുന്നു കൊണ്ട് ഉർദുവിൽ ഖുത്ബ നൽകി. അതിന് ശേഷം അദ്ദേഹം കസേരയിൽ ഇരുന്നു കൊണ്ട് അറബിയിൽ ഖുത്ബ നൽകാൻ തുടങ്ങി. അപ്പോൾ ഹുസൂറിന്റെത് പ്രത്യേകമായ ഒരവസ്ഥയായിരുന്നു. കണ്ണടഞ്ഞിരിക്കുക യായിരുന്നു. ഖുത്ബയുടെ തുടക്കം നല്ല ശബ്ദത്തിലാ യിരുന്നു. പിന്നീട് നേർത്തതായി. ഇടത്തു ഭാഗത്തിരുന്ന് മൗലവി സാഹിബ്മാർ എഴുതുകയായിരുന്നു. ആരോ ഒരാൾ ഒരു വാക്ക് കേൾക്കാതിരുന്നപ്പോൾ ചോദിച്ചു. ഹദ്റത് സാഹിബ് മറുപടി നൽകി. എന്നിട്ട് പറഞ്ഞു മനസ്സിലാകാത്ത വാക്ക് അപ്പോൾ തന്നെ ചോദിക്കേണ്ടതാണ്. കാരണം ഒരു പക്ഷെ എനിക്ക് തന്നെ പിന്നീട് ഓർമയുണ്ടായില്ലെന്നിരി ക്കാം. അദ്ദേഹം പറയുന്നു, മുകളിൽ നിന്ന് ശൃംഖല തുടർന്നിരുന്ന നേരത്തോളം ഞാൻ പറഞ്ഞു കൊണ്ടിരുന്നു. അതവസാനിച്ചപ്പോൾ ഞാനും അവസാനിപ്പിച്ചു.

പിന്നീട് ഹദ്റത് സാഹിബ് അത് എഴുതിപ്പിക്കാനായി പ്രത്യേകം സൗകര്യം ഏർപ്പെടുത്തി. സ്വയം രണ്ട് ഭാഷകളിൽ അതായത് ഉർദുവിലും ഫാർസിയിലും പരിഭാഷപ്പെടുത്തുകയും ചെയ്തു. വിശുദ്ധ ഖുർആൻ മനപ്പാഠമാക്കുന്നതു പോലെ ഇതിനെയും മനപ്പാഠമാക്കുക എന്ന് പ്രേരിപ്പിക്കുകയും ചെയ്തു. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബും മുഹമ്മദലി സാഹിബും അത് മനപ്പാഠമാക്കി മസ്ജിദ് മുബാറക്കിൽ ഹദ്റത് സാഹിബിനെ കേൾപ്പിച്ചു. അതിനു ശേഷം എന്റെ സഹോദരൻ ഭായി അബ്ദുൽ അസീസ് സാഹിബ് ഹദ്റത് മൗലവി സാഹിബിനോട് തൽസബന്ധമായി ചോദിച്ചു. മൗലവി സാഹിബ് മറുപടി പറഞ്ഞു, ഇത് ഹദ്റത് സാഹിബിന്റെ കഴിവിനുപരിയാ ണെന്ന് ഞങ്ങൾക്കറിയാം. അദ്ദേഹത്തിന്റെ മറുപടികൊണ്ടു ള്ള ഉദ്ദേശ്യം, ഇത് അല്ലാഹുവിന്റെ വചനമാണെന്നും ഹദ്റത് സാഹ്ബിന്റെതല്ല എന്നുമായിരുന്നു.

ഹദ്റത് മിയാൻ അമീറുദ്ദീൻ സാഹിബ് പറയുന്നു, ഹദ്റത് സാഹിബ് ഖുത്ബ ഇൽഹാമിയ നൽകി മടങ്ങുമ്പോൾ വഴിയിൽ വെച്ച് പറഞ്ഞു, ഞാൻ ഒരു വാക്യം പറയുമ്പോൾ അടുത്തത് എന്തായിരിക്കും എന്നെനിക്ക് അറിയില്ലാ യിരുന്നു. എഴുതിവെച്ചതു പോലെ തന്നെ മുന്നിൽ വരുമായിരുന്നു. ഞാനത് വായിക്കുകയായിരുന്നു. വളരെ സാവധാനം നിറുത്തി നിറുത്തിയായിരുന്നു വായിച്ചത്.

ഹദ്റത് മൗലവി അബ്ദുല്ലാഹ് സാഹിബ് ബട്ടാലവി പറയുന്നു, സയ്യദ് അബ്ദുൽ അസീസ് സാഹിബ് അറേബ്യയിൽ നിന്ന് വന്നതിനു ശേഷം ധാരാളം ദിനങ്ങൾ ഖാദിയാനിൽ സത്യാന്വേഷണത്തിനായി തങ്ങി. പിന്നീട് അദ്ദേഹം ഹ: മസീഹ് മൗഊദ് (അ) ൽ ബൈഅത്ത് ചെയ്തു. വിനീതനോട് താൻ ബൈഅത്ത് ചെയ്യാനുണ്ടായ അവസ്ഥയെ സംബന്ധിച്ച് പറഞ്ഞുകൊണ്ട് പറയുന്നു, ഞാൻ മസീഹ് മൗഊദ് (അ) ന്റെ സാഹിത്യ സമ്പുഷ്ടമായ രചനകൾ വായിച്ചു. ഇത്തരത്തിലുള്ള വചനങ്ങൾ ദൈവിക സഹായത്താലല്ലാതെ ആർക്കും എഴുതാൻ കഴിയില്ല എന്ന് ഹൃദയാത്മനാ അംഗീകരിച്ചിരുന്നു. എന്നാൽ ഈ വചനങ്ങൾ സ്വയം ഹ: മസീഹ് മൗഊദ് (അ) ന്റേതായിരുന്നു എന്ന് എനിക്ക് വിശ്വാസം വരുന്നുണ്ടായിരുന്നില്ല. ഹദ്റത് മൗലവിൽ നൂറുദ്ദീൻ സാഹിബും മറ്റ് പണ്ഡിതന്മാരും ഇക്കാര്യത്തിൽ എനിക്ക് ഉറപ്പ് നൽകുകയും സാക്ഷ്യം പറയുകയും ചെയ്തിരുന്നെങ്കിലും എന്റെ സംശയം മാറിയിരുന്നില്ല. ഞാൻ വിവിധ മാർഗങ്ങളിലൂടെ യഥാർഥ ത്തിൽ ഇത് മസീഹ് മൗഊദ് (അ) ന്റെ സ്വന്തം വചനങ്ങളാ ണോ മറ്റാരുടെയെങ്കിലും സഹായം അതിലുണ്ടോ എന്നതിന് തെളിവുകൾ അന്വേഷിക്കാൻ തുടങ്ങി. ഞാൻ അറബിയിൽ ചില കത്തുകൾ ഹുസൂറിന്റെ സവിധത്തിൽ എഴുതി അതിന്റെ മറുപടി അറബിയിൽ തന്നെ കരസ്ഥമാ ക്കുകയും പിന്നീട് അതിലെ വചനങ്ങളെ ശ്രദ്ധയോട് വായിച്ചു. അതിനെ ഹുസൂറിന്റെ രചനകളുമായി താരതമ്യം ചെയ്ത് രണ്ട് വചനങ്ങളും സമാനതകളുള്ളതാണോ എന്ന് തിരഞ്ഞിരുന്നു. എന്നാലും എനിക്ക് അതിൽ എന്തെങ്കിലും വ്യത്യാസം കാണാൻ കഴിഞ്ഞിരുന്നു. അതിനു ലഭിച്ചിരുന്ന മറുപടി ഇപ്രകാരമായിരുന്നു, കത്തുകൾക്ക് മറുപടിയായി ഹദ്റത് മസീഹ് മൗഊദ് (അ) എഴുതിയിരുന്ന സാധാരണ എഴുത്തുകളിൽ ദൃഷ്ടാന്തവും സവിശേഷ ദൈവീക സഹായവും ഉണ്ടായിരുന്നില്ല. എന്നാൽ അറബി സാഹിത്യ ങ്ങൾ മീർസാ സാഹിബ് അല്ലാഹുവിന്റെ ഇച്ഛയ്ക്കും കല്പനയ്ക്കും അനുഗുണമായി ദൃഷ്ടാന്തമെന്ന നിലയിൽ അവന്റെ പ്രത്യേക സഹായത്താൽ രചിച്ചതായിരുന്നു. അതുകൊണ്ട് അതിന്റെ ശൈലി വ്യത്യസ്ഥമായിരുന്നു. വ്യത്യസ്തമാക്കേണ്ടതുമാണ്. അല്ലെങ്കിൽ സാധാരണ അവസ്ഥയിലും പ്രത്യേക സഹായ അവസ്ഥയിലും ഉള്ള വ്യതിരിക്ത മനസ്സിലാക്കാൻ സാധ്യമല്ല.

ഏതായലും അത്തരത്തിലുള്ള സവിശേഷ ദൈവിക സഹായത്തിന്റെ അവസ്ഥ സ്വയം കണ്ട് മനസ്സിലാക്കേണ്ട തിനായി ഞാൻ ഖാദിയാനിൽ തന്നെ തങ്ങി. അവസാനം ഖുത്ബ ഇൽഹാമിയ ഇറങ്ങിയ സമയം വന്നെത്തി. ഞാനെന്റെ കണ്ണുകൊണ്ട് ഈ അത്ഭുതകരമായ വെളിപാട് ഇറങ്ങുന്നതായി ദർശിച്ചു. പരസഹായമില്ലാതെ എപ്രകാര മാണാവ്യക്തി സ്പഷ്ടമായ നിലയിൽ എല്ലാവരുടെയും മുന്നിൽവെച്ച് സാഹിത്യസമ്പുഷ്ടമായ വചനങ്ങൾ കേൾപ്പി ക്കുന്നതെന്ന് സ്വയം കാതുകൾകൊണ്ട് ശ്രവിച്ചു. അതിനു ശേഷം വിശാല ഹൃദയത്തോടെ ബൈഅത്ത് ചെയ്തു.

ഒരു സുഹൃത്ത് ഹാജി അബ്ദുൽകരീം സാഹിബ് സൈനീക ജോലി സബന്ധമായി മിസ്റിൽ പോകുകയുണ്ടായി. 1940 ന് അല്പം മുമ്പുള്ള കാലമാണെന്ന് തോന്നുന്നു. അവിടെ അദ്ദേഹം തബ്ലീഗ് തുടർന്ന്കൊണ്ടിരുന്നു. ഒരു സുഹൃത്ത് അലി ഹസൻ സാഹിബ് അഹ്മദിയായി. അദ്ദേഹത്തേയും കൊണ്ട് ഹാജി സാഹിബ് മിസ്റിലുള്ള പല വ്യക്തികളു ടേയും അടുത്ത് പോകുകയും തബ്ലീഗ് ചെയ്യുകയും ചെയ്യുമായിരുന്നു. ടെലിഗ്രാം ഓഫീസിൽ ക്ലർക്കായിരുന്ന ഒരു സുഹൃത്തും അതിൽ ഉണ്ടായിരുന്നു. ദിവസങ്ങളോളം

അദ്ദേഹവുമായി ചർച്ച നടന്നു. അദ്ദേഹം എല്ലാ കാര്യങ്ങളും അംഗീകരിച്ചു. എന്നാൽ ഉമ്മത്തീ നബിയായി അംഗീകരിക്കാൻ തയ്യാറായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) ഉമ്മത്തീ നബിയാണെന്ന് അംഗീകരിക്കാൻ തയ്യാറല്ലായിരുന്നു. അദ്ദേഹം ഈ സുഹൃത്തിന് അൽഖുതുബത്തുൽ ഇൽഹാമിയ നൽകി. തുടർന്ന് കുറേ ദിവസം അദ്ദേഹത്തിനടുത്തേക്ക് പോയില്ല. ഒരു ദിവസം അദ്ദേഹം കത്തെഴുതി ഹാജി സാഹിബിനെ ഭക്ഷണത്തിനായി ക്ഷണിച്ചു. അവിടെ എത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, താങ്കൾ എന്റെ ബൈഅത്തിന്റെ കത്തെഴുതിയാലും. ഹാജി സാഹിബ് ചോദിച്ചു, ഖത്മെ നുബുവ്വത്തിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടുവോ? അപ്പോൾ ആ സുഹൃത്ത് പറഞ്ഞു, ഞാൻ അൽ അസ്ഹർ യൂണിവേയ്സിറ്റിയിലെ ഒരു പണ്ഡിതനെ രാത്രി ഭക്ഷണത്തിനായി ക്ഷണിച്ചിരുന്നു. ഞാനദ്ദേഹത്തോട് എന്നെ ചില ഇന്ത്യക്കാർ ഇത്തരത്തിലെല്ലാം തബ്ലീഗ് ചെയ്തു എന്ന് പറഞ്ഞു. ഈസാ (അ) വഫാത്തായെന്നും, വരേണ്ടുന്ന വ്യക്തി മുഹമ്മദീ സമുദായത്തിലെ ഒരു വ്യക്തിയാണെന്നും, അദ്ദേഹം മസീഹും മഹ്ദിയുമായിട്ടാണ് വരികയെന്നും, മിർസാ ഗുലാം അഹ്മദ് ഖാദിയാനിയാണ് ആ വാദമുന്നയിച്ചിരിക്കുന്നതെന്നും അവർ പറയുന്നു. ഞാനിവരുടെ എല്ലാ തെളിവുകളും അംഗീകരിക്കുന്നു. എന്നാൽ മിർസാ സാഹിബ് ഉമ്മത്തീ നബിയാണെന്ന കാര്യം എനിക്ക് അംഗീകരിക്കാൻ സാധ്യമല്ല. താങ്കൾ ദീനി പണ്ഡിതനാണ്. എന്റെ നിലപാട് ശരിയാണോ അല്ലയോ എന്ന് താങ്കൾ പറഞ്ഞു തന്നാലും. അസ്ഹർ യൂണിവേഴ്സിറ്റിയിലെ ആ പണ്ഡിതൻ മറുപടിയായി പറഞ്ഞു, ഞാൻ മീർസാ സാഹിബിന്റെ സാഹിത്യങ്ങൾ വായിച്ചിട്ടുണ്ട്. ചില അഹ്മദികളെ കണ്ടുമുട്ടിയിട്ടുമുണ്ട്. അവരുമായി ചർച്ച നടത്തിയിട്ടുണ്ട്. മിർസാ സാഹിബ് വാദിക്കുന്ന തരത്തിലുള്ള നുബുവ്വത്തിലുള്ള ആയിരക്കണക്കിന് നബിമാർ വന്നാലും ഖത്മെ നുബുവ്വത്തിന് ക്ഷതമൊന്നും സംഭവിക്കുന്നതല്ല. അതദ്ദേഹം അംഗീകരിക്കുന്നു. പറയുന്നു, അപ്പോൾ ഞാനദ്ദേഹത്തോട് പറഞ്ഞു, നോക്കൂ, ഞാനിപ്പോൾ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നതാണ്. ഖിയാമത്ത് നാളിൽ നിങ്ങളായിരിക്കും അതിനുത്തരവാദി. അസ്ഹറിലെ പണ്ഡിതൻ പറഞ്ഞു, എന്റെ ഈ മറുപടി ഇവിടേക്കു വേണ്ടിമാത്രമാണ്. പൊതുസ്ഥലത്ത് വെച്ച് ചോദിക്കുകയാണെങ്കിൽ ഉമ്മത്തീ നബിയും വരുന്നതല്ല എന്നാണ് ഞാൻ മറുപടി പറയുക. ജനങ്ങൾക്ക് മുമ്പിൽ വെച്ച് പറയുന്നതല്ല. നിങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ എന്റെ ഉത്തരവാദിത്വത്തിൽ പ്രവേശിച്ചുകൊള്ളുക. എന്നെ സംബന്ധിച്ചിടത്തോളം ചില തടസ്സങ്ങളുണ്ട്. ഞാൻ അഹ്മദിയായാൽ എന്നെ ജോലിയിൽ നിന്നും പുറത്താക്കും എന്നതാണ് ഏറ്റവും വലിയ തടസ്സം. അതായത് ഭൗതികത അതിജയിച്ചു.

ആ മിസരി സുഹൃത്ത് പറയുന്നു, അസ്ഹരി പണ്ഡിതനിൽ നിന്ന് ഞാനിത് കേട്ടപ്പോൾ ഉടൻ തന്നെ ജമാഅത്തിൽ അംഗമാകുന്നതിനുള്ള ദൃഢതീരുമാനം എടുത്തു. അങ്ങനെ ഖുത്ബ ഇൽഹാമിയ വായിക്കാൻ തുടങ്ങി. വായിച്ചവസാനിപ്പിച്ചിട്ടാണ് ഉറങ്ങിയത്. രാത്രി സ്വപ്നത്തിൽ ഞാൻ കാണുന്നു, ഹദ്റത് സയ്യിദ്നാ അഹ്മദ് അൽ മസീഹ് (അ) ഒരു വലിയ ജനക്കൂട്ടത്തോടൊപ്പം എങ്ങോട്ടോ പോകുകയാണ്. ഞാൻ ചോദിച്ചു, ഹുസൂർ ഇവർ ആരാണ്? എവിടേക്കാണിവരെ കൊണ്ടുപോകുന്നത്? അദ്ദേഹം പറഞ്ഞു, ഇത് അല്ലാഹുവിന്റെ വലിമാരാണ്. മുഹമ്മദിയ്യാ സമുദായത്തിൽ എനിക്ക് മുമ്പ് വന്നവരാണ്. ഞാനിവരെ നബി തിരുമേനി (സ) യുടെ ദർബാറിൽ ദർശനത്തിനായി കൊണ്ടു പോകുകയാണ്. ഞാൻ ഖാത്തമുൽ ഔലിയാ ആകുന്നു. എനിക്ക് ശേഷം എന്റെ ജമാഅത്തിൽ പെട്ടവരല്ലാതെ വലിമാരുണ്ടാകില്ല. നബി തിരുമേനി (സ) യ്ക്ക് ശേഷം ഒരു നബിയും വരുന്നതല്ല. എന്നാൽ എന്നെ പോലുള്ള ഉമ്മത്തീ നബി വരാവുന്നതാണ്. ഞാനുണർന്നപ്പോൾ ഖത്മെ നുബുവ്വത്തിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടിരുന്നു. ഞാൻ വളരെ സന്തോഷവാനായി. ഹാജി മുഹമ്മദ് കരീം സാഹിബ് പറയുന്നു, ഈ സംഭവം കേട്ടപ്പോൾ തന്നെ ഞാനദ്ദേഹത്തിന്റെ ബൈഅത്ത് ഫോറം പൂരിപ്പിച്ച് ഖാദിയാനിലേക്ക് അയച്ചു.

ശേഖ് അബ്ദുൽ ഖാദിർ അൽമഗ്രിബി എന്ന വലിയൊരു പണ്ഡിതനുണ്ടായിരുന്നു. ഹദ്റത് സയ്യിദ് വലിയുല്ലാഹ് ശാഹ് സാഹിബിന് അദ്ദേഹവുമായി വിജ്ഞാന സാഹിത്യ പ്രകൃതം കാരണത്താൽ അടുത്ത സുഹൃത്ത് ബന്ധമുണ്ടായിരുന്നു. 1916 ലാണ് അദ്ദേഹവുമായി ആദ്യം കണ്ടുമുട്ടുന്നത്. ഒരിക്കൽ അല്ലാമാ അൽ മഗ്രിബി വലിയുല്ലാഹ് ശാഹ് സാഹിബിനോട് പറഞ്ഞു, വരിക നമുക്ക് ഖുർആനിൽ കൈവച്ച് സുഹൃത്ത് ബന്ധത്തെ ഏറ്റ് പറയാം. ഈ സുഹൃത്ത് ബന്ധം കാരണത്താൽ ഹ: മുസ്‌ലിഹ് മൗഊദ് (റ) മിസ്ർ സന്ദർശിച്ചപ്പോൾ മൗലവി അബ്ദുൽ ഖാദർ സാഹിബും അദ്ദേഹത്തെ കാണുന്നതിനായി വന്നു. ധാരാളം ചോദ്യങ്ങളദ്ദേഹത്തോട് ചോദിച്ചു. ഹ: മുസ്‌ലിഹ് മൗഊദ് (റ) മറുപടി പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, അദ്ദേഹം പണ്ഡിതനായിരുന്നു, ശാഠ്യക്കാരനുമായിരുന്നു, ഞങ്ങൾ അറബി ഭാഷക്കാരാണ്. വിശുദ്ധ ഖുർആനെ നല്ലപോലെ മനസ്സിലാക്കിയ ഞങ്ങളേക്കാൾ അധികമായി ഖുർആനെ ആർക്കാണ് മനസ്സിലാക്കാൻ കഴിയുക. അങ്ങിനെ പല കാര്യങ്ങളും സംസാരിച്ചിരുന്നു. ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി പിന്നീട് പറഞ്ഞു, നിങ്ങളും ഞങ്ങളെപോലെ ഭാഷാ നിഘണ്ടുവിനെ ആശ്രയിക്കുന്നവരാണ്. ഖുർആനെ അല്ലാഹു ഞങ്ങൾക്ക് പഠിപ്പിച്ചു തന്നിരിക്കുന്നു, മനസ്സിലാക്കി തന്നിരിക്കുന്നു. ഞങ്ങൾ ഉർദുവിൽ സംസാരിക്കുന്നവരാണ്, അറബി സംസാരിക്കുന്നതിനുള്ള അവസരം ലഭിക്കാറില്ല. നിങ്ങളേക്കാൾ കൂടുതൽ സഹിത്യസമ്പുഷ്ടത ഞങ്ങൾക്കുണ്ട് എന്ന് തുടങ്ങിയ കാര്യങ്ങൾ ഹുസൂർ വളരെ ആവേശത്തോടുകൂടി അറബിയിൽ സംസാരിച്ചപ്പോൾ അടുത്തിരുന്ന ഒരു സയ്യിദ് സാഹിബ് മൗലവി അബ്ദുൽ ഖാദറിനു നേരെ തിരിഞ്ഞുകൊണ്ട് പറഞ്ഞു, ഇദ്ദേഹത്തിന്റെ ഭാഷ നമ്മേക്കാൾ സാഹിത്യ സമ്പുഷ്ടം തന്നെയാണ്. അപ്പോൾ മൗലവി അബ്ദുൽ ഖാദർ അല്പം സൗമ്യനായി. പിന്നീട് മാന്യതയോടുകൂടി സംസാരിക്കാൻ തുടങ്ങി.

ഏതായാലും സംഭാഷണ മദ്ധ്യേ അല്ലാമാ മഗ്രിബി സാഹിബ് പറഞ്ഞു, ഹ: മസീഹ് മൗഊദിന്റെ ഗ്രന്ഥങ്ങളിൽ ഭാഷാപരമായ തെറ്റുകൾ ഉണ്ട്. ഹദ്റത് ഖലീഫാ സാനി അതിന് മറുപടിയായി കൊണ്ട് പറഞ്ഞു, നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ ആ തെറ്റുകളെ വെളിപ്പെടുത്തുക,

അല്ലെങ്കിൽ ആ ഗ്രന്ഥങ്ങൾക്ക് മറുപടി എഴുതി പ്രസിദ്ധീകരിക്കുക. എന്നാൽ ഒരിക്കലും അതിന് സാധ്യമല്ലയെന്ന് മനസിലാക്കി കൊള്ളുക. എഴുതാനായി പേന എടുത്താൻ നിങ്ങളുടെ എഴുതുന്നതിനുള്ള കഴിവ് ഇല്ലാതാക്കപ്പെടുന്നതാണ്. പരീക്ഷിച്ചു നോക്കി കൊൾക. അപ്പോൾ അദ്ദേഹം അപേക്ഷ സ്വരത്തിൽ പറഞ്ഞു, നിങ്ങൾ ഈ വാദത്തെ അറേബ്യയിലും മിസ്‌റിലും ശാമിലും പ്രചരിപ്പിക്കരുത്. അതിലൂടെ ഭിന്നത വർദ്ധിക്കുകയേ ഉള്ളൂ. ഇപ്പോൾ തന്നെ ഭിന്നത നമുക്ക് വളരെ നഷ്ടം ഉണ്ടാക്കിവെക്കുന്നതാണ്. നിങ്ങൾ അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലെ നിഷേധികളിലും കൃസ്ത്യാനികളിലും പ്രചാരണം നടത്തുക. മുബശിർമാരെ അയക്കുക. എന്നാൽ ഇവിടെ ദയവു ചെയ്ത് അത്തരത്തിലുള്ള വിശ്വാസത്തെ പറ്റി ചർച്ച ചെയ്യരുത്. **അനാ അർജൂക്കും യാ സയ്യദീ** എന്ന് പറഞ്ഞ് ചിലപ്പോൾ കൈകളെ ചുമ്പിച്ചും മറ്റും ഈ പ്രദേശങ്ങളിൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ അദ്ധ്യാപനങ്ങളെ വിളംബരപ്പെടുത്തരുത് എന്ന് അപേക്ഷിക്കാൻ തുടങ്ങി.

തുടർന്ന് പറഞ്ഞു അദ്ദേഹം നല്ല വ്യക്തിയായിരുന്നു എന്ന് ഞങ്ങൾക്കറിയാം. ദീനിനോട് യഥാർഥ വികാരമുള്ള വ്യക്തിയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ ഞങ്ങൾക്കൊരിക്കലും അംഗീകരിക്കാൻ കഴിയില്ല. കേവലം ലാഇലാഹ ഇല്ലല്ലായിൽ മാത്രം ജനങ്ങളെ ഒരുമിച്ച് കൂട്ടുക.

ഏതായാലും ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി ഇതിനെല്ലാം വളരെ പ്രൗഢമായ നിലയിൽ മറുപടി നൽകിക്കൊണ്ട് പറഞ്ഞു, ഇത് അല്ലാഹുവിന്റെ കൽപനയാണ്. ഇതിൽ ഞങ്ങളുടെയോ സയ്യദ്നാ അഹ്മദിന്റെയോ യാതൊരു ഇടപെടലും ഇല്ല. ദൈവിക കല്പനയാണ്. നിശ്ചയമായും ഞങ്ങൾ അത് എത്തിക്കുന്നതാണ്.

തുടർന്ന് ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) മൗലാന ജലാലുദ്ദീൻ ശംസ് സാഹിബിനെ ശാമിലേക്കയച്ചു. അക്കാലഘട്ടത്തിലെ ഒരു സംഭവം പരാമർശിച്ചുകൊണ്ട് ഹദ്റത് സയ്യദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു, ഒരിക്കൽ ഞാനും മൗലാനാ ശംസ് സാഹിബും ചില സുഹൃത്തുക്കളുമായി അഹ്മദിയ്യത്തിനെ സംബന്ധിച്ച് ചർച്ച ചെയ്യുകയായിരുന്നു. അപ്പോൾ ശേഖ് അബ്ദുൽ ഖാദിർ അൽ മഗ്‌രിബി കടന്നു വന്നു. അവിടെയിരുന്നു ഞങ്ങളുടെ വാക്കുകൾ കേട്ടു. സംഭാഷണമദ്ധ്യേ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയുമായി നടന്ന കൂടിക്കാഴ്ച്ചയെ കുറിച്ചും പറഞ്ഞു, വളരെ പരിഹാസ്യമായ ഭാഷയിൽ ഹുസൂറിനോട് പറഞ്ഞ അതേകാര്യം തന്നെ ആവർത്തിച്ചു. അതായത് ഇവിടെ തബ്‌ലീഗ് ചെയ്യരുത്. പുഛിച്ച് കൊണ്ട് പറഞ്ഞു, ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ ഇൽഹാമുകളിലെ അറബി വാക്യങ്ങൾ ശരിയല്ല. പറയുന്നു, ഞാൻ ഖുത്‌ബ ഇൽഹാമിയ അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു, ഇത് വായിക്കുക. എവിടെയെല്ലാമാണ് തെറ്റ് എന്ന് പറയുക. അദ്ദേഹം ഉച്ചത്തിൽ വായിക്കാൻ തുടങ്ങി. ഒന്ന് രണ്ട് പദങ്ങളെ സംബന്ധിച്ച് പറഞ്ഞു, ഇത് അറബി പദമല്ല. അപ്പോൾ മൗലാന ശംസ് സാഹിബ് അവിടെയുണ്ടായിരുന്ന അലമാരയിൽ നിന്ന് താജുൽ ഉദൂസ് എന്ന നിഘണ്ടു ഗ്രന്ഥം എടുത്തു അതിൽ നിന്ന് ആ പദം എടുത്തു കാണിച്ചു. ശ്രോതാക്കൾ അത്ഭുതപ്പെട്ടു.

ശാഹ് സാഹിബ് പറയുന്നു, ഞാനീ അവസരം പ്രയോജനപ്പെടുത്തിക്കൊണ്ട് പറഞ്ഞു. നിങ്ങൾ വലിയ സാഹിത്യകാരനാണ് വലിയ പണ്ഡിതനാണെന്ന് പറയപ്പെടുന്നു. എന്നാൽ എന്റെ ശിഷ്യന് അറിയുന്ന അത്രയും അറബി പോലും നിങ്ങൾക്കറിയില്ല. പറയുന്നു, അന്നാളുകളിൽ ശംസ് സാഹിബ് എന്നിൽ നിന്നും ഇംഗ്ലീഷ് പഠിച്ചിരുന്നു. അതുകൊണ്ടാണ് ഞാനദ്ദേഹത്തെ ശിഷ്യൻ എന്ന് പറഞ്ഞത്. അത് കേട്ടപ്പോൾ അദ്ദേഹം വളരെ ദേഷ്യപ്പെട്ട് എഴുന്നേറ്റു പുറത്തേക്കു പോയി. നിങ്ങളെ കണ്ടോളാം, നാളെ ഞാൻ പറഞ്ഞുതരാം എന്നെല്ലാം പറയുന്നുണ്ടായിരുന്നു. ശംസ് സാഹിബ് പറയുന്നു, അവിടെയിരുന്നവരിൽ എന്റെ വാക്കുകൾ സ്വാധീനം ചെലുത്തുകയുണ്ടായി. അവരോട് പറഞ്ഞു. ഞങ്ങൾ ഒന്നിച്ചു കഴിഞ്ഞിട്ടുണ്ട്. മിർസാ സാഹിബിന്റെ ഖുത്‌ബ ഇൽഹാമിയ വായിച്ച് അങ്ങനെ പറയരുതായിരുന്നു. പകരം സത്യത്തെ അംഗീകരിക്കണമായിരുന്നു. അങ്ങിനെ സംസാരങ്ങൾ നടന്നുകൊണ്ടിരുന്നു.

അടുത്ത ദിവസം രാവിലെ ശംസ് സാഹിബ് എന്നോട് പറഞ്ഞു ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി താങ്കളോട് അബ്ദുൽ ഖാദിൽ അൽ മഗ്‌രിബിയുമായുള്ള ബന്ധം വഷളാക്കരുതെന്ന് പറഞ്ഞിരുന്നു. താങ്കൾ അദ്ദേഹത്തെ ശുണ്ഠി പിടിപ്പിച്ചു. ഞാൻ പറഞ്ഞു, പേടിക്കണ്ട. എല്ലാം ശരിയാക്കാം. അടുത്ത ദിവസം അതിരാവിലെ ഞങ്ങൾ രണ്ടു പേരും അല്ലാമ സാഹിബിന്റെ വീട്ടിലെത്തി. വാതിലിൽ മുട്ടി. മഗ്‌രിബി സാഹിബ് പുറത്തേക്ക് വന്നു. കണ്ടപ്പോൾ തന്നെ എന്നെ ആലിംഗനം ചെയ്തു. എന്നെ ചുമ്പിച്ചുകൊണ്ട് പറഞ്ഞു, ഞാൻ താങ്കളോട് ക്ഷമ ചോദിക്കുന്നു. ഞാൻ നിങ്ങളുടെ അടുത്തേക്ക് വരാൻ പോകുകയായിരുന്നു. അകത്തേക്ക് കയറിയാലും. കഹ്‌വ കുടിക്കുക. ഞാൻ രാത്രി എങ്ങിനെയാണ് കഴിച്ചു കൂട്ടിയതെന്ന് കാണിച്ച് തരാം.

ഞങ്ങൾ അകത്തേക്ക് കടന്നപ്പോൾ അഹ്മദിയത്തിന്റെ യാഥാർത്ഥ്യം എന്ന ഗ്രന്ഥം ചൂണ്ടികാണിച്ചു കൊണ്ട് പറഞ്ഞു, ഇത് എന്റെ കയ്യിലുണ്ടായിരുന്നു. ഇതിന് ഞാൻ ഖണ്ഡനം പ്രസിദ്ധീകരിക്കുന്നതാണെന്ന ഉറച്ച തീരുമാനമെടുത്തു. എന്റെ പക്കലുണ്ടായിരുന്ന ഹദീസിന്റെയും വ്യാഖ്യാനങ്ങളുടേയും ഗ്രന്ഥങ്ങൾ മേശപ്പുറത്ത് വെച്ചു. ഇശാ നമസ്കരിച്ചതിനു ശേഷം ഖണ്ഡനം എഴുതാൻ തുടങ്ങി . ഒരു ഭാഗത്ത് പുസ്തകം വായിച്ച് ഖണ്ഡനം എഴുതുന്നതിനായി ഗ്രന്ഥങ്ങൾ വായിച്ചു. ഒരു ഖണ്ഡനം എഴുതുമ്പോൾ അത് ശരിയല്ലാ എന്ന് തോന്നി കീറി കളയുന്നു. മറ്റൊരു ഖണ്ഡനം എഴുതുന്നു. അതും കീറി കളയുന്നു. അങ്ങിനെ രാത്രി കഴിഞ്ഞുപോയി. ഭാര്യ പറഞ്ഞു, നിങ്ങൾക്കെന്തു പറ്റി. വന്ന് കിടന്നുറങ്ങുക. അവസാനം സുബഹി ബാങ്ക് കൊടുത്തു. പക്ഷേ ഒന്നും തന്നെ എഴുതാൻ കഴിഞ്ഞിരുന്നില്ല. എഴുതുന്ന ഓരോന്നും തെറ്റാണെന്ന് തോന്നുമായിരുന്നു.

ജമാഅത്തിന്റെ സാഹിത്യങ്ങളുടെ അടിത്തറ ഹദ്റത് മസീഹ് മൗഊദ് (അ) ഗ്രന്ഥം തന്നെയാണ്. ശാഹ് സാഹിബിനോട് പറഞ്ഞു, ഇനി എന്നിൽ നിന്ന് എതിർപ്പിന്റെ ഒരു വാക്ക് പോലും നിങ്ങൾ കേൾക്കില്ല എന്ന് ഞാൻ വാഗ്ദാനം നൽകുകയാണ്. നിങ്ങളുടെ ആദർശങ്ങൾ മുഴുവനായും ഇസ്‌ലാമികമാണ്. നിങ്ങൾ സ്വാതന്ത്ര്യത്തോടെ

തബ്ലീഗ് ചെയ്യുക. ചോദിക്കുന്നവരോട് ഞാൻ നിങ്ങളെ സംബന്ധിച്ച് നല്ല കാര്യം മാത്രമേ പറയുകയുള്ളൂ. എന്നാൽ ഞാൻ നിങ്ങളുടെ കക്ഷിയിൽ പ്രവേശിക്കുന്നതല്ല. അവസാന നാൾ വരെ അദ്ദേഹം ജമാഅത്തിനെ പ്രശംസിച്ചുകൊണ്ടിരുന്നു.

ഇനി ഞാൻ ഖുത്ബ ഇൽഹാമിയയിലെ ചില ഉദ്ധരണികൾ സമർപ്പിക്കുകയാണ്. അതിലൂടെ അതിന്റെ ശ്രേഷ്ഠതയെ സംബന്ധിച്ച് അറിവ് ലഭിക്കുന്നതാണ്. മുഴുവൻ വായിച്ചാലാണ് യഥാർത്ഥത്തിൽ മനസിലാക്കുക. ഹദ്റത് മസീഹ് മൗഊദ് (അ) അറബിയിൽ പറയുന്നു,

اَيُّهَا النَّاسُ اِنِّىْ اَنَا الْمَسِيْحُ الْمُحَمَّدِىْ ـ وَاِنِّىْ اَنَا
اَحْمَدُن الْمَهْدِى ـ وَاِنَّ رَبِّىْ مَعِىَ اِلٰى يَوْمِ مَهْدِى ـ
اِنِّىْ اُعْطِيْتُ ضِرَاماً اَكَّالاً ـ وَمَاءً ا زُلَالاً ـ وَاَنَا
كَوْكَبٌ يُمَانِىٌّ ـ وَوَابِلٌ رُوْحَانِىٌّ ـ اِيْذَائِىْ سِنَانٌ مُذَرَّبٌ ـ
عَائِىْ دَوَاءٌ مُجَرَّبٌ ـ اُرِىْ قَوْماً جَلَالاً ـ وَقَوْماً
اٰخَرِيْنَ جَمَالاً ـ وَبِيَدِىْ حَرْبَةٌ اُبِيْدُ بِهَا عَادَاتِ الظُّلْمِ وَ
الذُّنُوْبِ ـ وَفِىْ الْاُخْرٰى شُرْبَةٌ اُعِيْدُ بِهَا حَيَاةَ الْقُلُوْبِ ـ

അതായത്, അല്ലയോ ജനങ്ങളെ! ഞാൻ മുഹമ്മദീ ശൃംഖലയിൽ നിന്നുള്ള മസീഹാകുന്നു. ഞാൻ അഹ്മദ് മഹ്ദിയുമാകുന്നു. സത്യമായും എന്റെ നാഥൻ എന്റെ കുട്ടിക്കാലം മുതൽ എന്റെ ഖബർ വരെ എന്നൊടൊപ്പമുണ്ട്. കാർന്ന് തിന്നുന്ന അഗ്നിയും മാധുര്യമേറിയ ജലവുമാണ് എനിക്ക് ലഭിച്ചിരിക്കുന്നത്. ഞാൻ യമനീ നക്ഷത്രമാകുന്നു. ആത്മീയ മഴയാകുന്നു. എന്ന് വിഷമിക്കുന്നത് മൂർച്ചയേറിയ അമ്പാകുന്നു. എന്റെ ദുഃആ പരീക്ഷിക്കപ്പെട്ട ഔഷധമാകുന്നു. ഒരു സമുദായത്തിന് ഞാനെന്റെ പ്രതാപം കാണിക്കുമ്പോൾ മറ്റൊരു സമുദായത്തിന് സൗന്ദര്യം കാണിക്കുന്നു. എന്റെ കയ്യിൽ ആയുധമുണ്ട്. അത് മുഖേന ഞാൻ അക്രമത്തിന്റെയും തിന്മയുടേയും ശീലങ്ങളെ നശിപ്പിക്കുന്നു. മറ്റേ കയ്യിൽ സർബത്തുണ്ട്. അതു മുഖേന ഞാൻ ഹൃദയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നു.

വീണ്ടും പറയുന്നു,

اَيُّهَا النَّاسُ قُوْمُوْا لِلّٰهِ زِرَافَاتٍ وَفُرَادٰى فُرَادٰى ـ ثُمَّ اتَّقُوْا اللّٰهَ وَفَكِّرُوْا
كَالَّذِىْ مَا بَخِلَ وَمَا عَادٰى ـ اَلَيْسَ هٰذَا الْوَقْتَ وَقْتَ رُحْمِ اللّٰهِ عَلٰى
الْعِبَادِ ـ اَلَيْسَ سَيْلُ الشَّرِّ قَدْ بَلَغَ اِنْتَهَاءَهُ ـ وَذَيْلُ الْجَهْلِ طَوَّلَ اَرْجَاءَهُ ـ
وَفَسَدَ الْمُلْكُ كُلُّهُ وَشَكَرَ اِبْلِيْسُ جُهَلَاءَهُ ـ فَاشْكُرُوْا اللّٰهَ الَّذِىْ
تَذَكَّرَكُمْ وَتَذَكَّرَ دِيْنَكُمْ وَمَا اَضَاعَهُ ـ وَعَصَمَ حَرْثَكُمْ وَزَرْعَكُمْ وَلُعَاعَهُ ـ
وَاَنْزَلَ الْمَطَرَ وَاَكْمَلَ اَبْضَاعَهُ ـ وَبَعَثَ مَسِيْحَهُ لِدَفْعِ الضَّيْرِ ـ وَمَهْدِيَهُ
لِاِفَاضَةِ الْخَيْرِ ـ وَاَدْخَلَكُمْ فِىْ زَمَانِ اِمَامِكُمْ بَعْدَ زَمَانِ الْغَيْرِ ـ

അല്ലയോ ജനങ്ങളെ! അല്ലാഹുവിന് വേണ്ടി നിങ്ങൾ ഒന്നിച്ച്ചേർന്നോ ഒറ്റക്കോ അല്ലാഹുവിനെ ഭയന്നുകൊണ്ട് ലുബ്ധും ശത്രുതയും കാണിക്കാത്തവനെ പോലെ ചിന്തിക്കുക. ഇത് അല്ലാഹു ദാസരിൽ കരുണചെയ്യേണ്ട കാലമല്ലേ? തിന്മ അകറ്റുകയും കരളിന്റെ ദാഹത്തിന്റെ മഴ വർഷിക്കുന്നതിനെ ഉപേക്ഷിക്കുകയും ചെയ്യേണ്ട കാലഘട്ടമല്ലെ ഇത്? തിന്മയുടെ പ്രളയം അതിന്റെ പരമസീമയിൽ എത്തിയില്ലേ? അജ്ഞതയുടെ മടിത്തട്ട് അതിന്റെ പാർശ്വങ്ങളെ വിശാലമാക്കിയില്ലേ? രാജ്യം ദുഷിച്ചിരിക്കുന്നു. പിശാച് വിഢികൾക്ക് നന്ദി പറഞ്ഞു. അതിനാൽ നിങ്ങളെ സ്മരിക്കുകയും, നിങ്ങളുടെ ദീനിനെ സ്മരിക്കുകയും, അതിനെ പാഴായിപ്പോകുന്നതിൽ നിന്ന് സംരക്ഷിക്കുകയും ചെയ്ത ദൈവത്തിന് നന്ദി പറയുക. നിങ്ങൾ നട്ടതിനേയും നിങ്ങളുടെ കൃഷിയെയും ആപത്തുകളിൽ നിന്ന് രക്ഷിച്ചു. മഴ വർഷിച്ചു. അതിന്റെ മൂലധനത്തെ പൂർണമാക്കി. തന്റെ മസീഹിനെ നാശത്തെ അകറ്റുന്നതിനും, തന്റെ മഹ്ദിയെ നന്മയും ഗുണവും എത്തിക്കുന്നതിനായും അയച്ചു. അന്യരുടെ കാലഘട്ടത്തിന് ശേഷം നിങ്ങളെ നിങ്ങളുടെ ഇമാമിന്റെ കാലഘട്ടത്തിൽ പ്രവേശിപ്പിച്ചു.

وَاِنِّىْ عَلٰى مُقَامِ الْخَتْمِ مِنَ الْوِلَايَةِ ـ كَمَا كَانَ سَيِّدِىْ الْمُصْطَفٰى عَلٰى
مُقَامِ الْخَتْمِ مِنَ النُّبُوَّةِ ـ وَاِنَّهُ خَاتَمُ الْاَنْبِيَاءِ ـ وَاَنَا خَاتَمُ الْاَوْلِيَاءِ ـ لَا وَلِىَّ
بَعْدِىْ ـ اِلَّا الَّذِىْ هُوَ مِنِّىْ وَعَلٰى عَهْدِىْ ـ وَاِنِّىْ اُرْسِلْتُ مِنْ رَبِّىْ بِكُلِّ
قُوَّةٍ وَبَرَكَةٍ وَعِزَّةٍ ـ وَاِنَّ قَدَمِىْ هٰذِهٖ عَلٰى مَنَارَةٍ خُتِمَ عَلَيْهَا كُلُّ رِفْعَةٍ ـ
فَاتَّقُوْا اللّٰهَ اَيُّهَا الْفِتْيَانَ ـ وَاعْرِفُوْنِىْ وَاَطِيْعُوْنِىْ وَلَا تَمُوْتُوْا بِالْعِصْيَانِ ـ
وَقَدْ قَرُبَ الزَّمَانُ ـ وَحَانَ اَنْ تُسْئَلَ كُلُّ نَفْسٍ وَتُدَانَ ـ

നമ്മുടെ നബി തിരുമേനി (സ) നുബുവ്വത്തിന്റെ ശൃംഖലയെ അവസാനിപ്പിക്കുന്നവനായതു പോലെ ഞാൻ വിലായത്തിന്റെ ശൃംഖല അവസാനിപ്പിക്കുന്നവനാകുന്നു. ആ മഹാത്മാവ് ഖാത്തമുൽ അമ്പിയാഅ് ആകുന്നു. ഞാൻ ഖാത്തമുൽ ഔലിയാഅ് ആകുന്നു. എനിക്ക് ശേഷം എന്നിൽ നിന്നും എന്റെ കരാറിൽ നിന്നുമല്ലാതെ യാതൊരു വലിമാരും വരുന്നതല്ല. ഞാൻ എന്റെ ദൈവത്തിൽ നിന്ന് സകല കഴിവുകളോടും അനുഗ്രഹങ്ങളോടും ആദരവോടും കൂടി അയക്കപ്പെട്ടിരിക്കുന്നു. എന്റെ ചുവടുകൾ ഒരു മിനാരത്തിന്മേലാകുന്നു. അതിൽ എല്ലാ ഔന്നിത്യവും അവസാനിപ്പിച്ചിരിക്കുന്നു. അതിനാൽ അല്ലയോ പൗരുഷശാലികളെ അല്ലാഹുവിനെ ഭയപ്പെടുക. എന്നെ തിരിച്ചറിയുക. അനുസരണക്കേട് കാണിക്കരുത്. ആജ്ഞാലംഘകരായി മരിക്കരുത്. കാലഘട്ടം സമീപസ്ഥമായിരിക്കുന്നു. ഓരോ ജീവനും തന്റെ കർമങ്ങളെ സംബന്ധിച്ച് ചോദിക്കപ്പെടുകയും പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്ന സമയം ആസന്നമായിരിക്കുന്നു.

അല്ലാഹുവിന്റെ കല്പന അനുസരിച്ച് ഹ: മസീഹ് മൗഊദ് (അ) ലോകത്തിന് നൽകിയ അതിമഹത്തായ അടയാളമാണിത്. അതിമഹത്തായ വാക്കുകളാണിത്, ക്ഷണമാണിത്. ഈ അടയാളം 1900 ഏപ്രിൽ 11 നാണ് വെളിപ്പെട്ടത്. ഇന്നും ഈ അടയാളം തന്റെ പ്രഭ വെളിപ്പെടുത്തികൊണ്ടിരിക്കുകയാണ്. ഇന്ന് വരെ വലിയ വലിയ ഭാഷാ പണ്ഡിതർക്കും സാഹിത്യകാരന്മാർക്കും അവർ അറബികളോ അനറബികളോ ആകട്ടെ, അവർക്ക് അതിനെ എതിരിടാൻ

സാധിച്ചിട്ടില്ല. എങ്ങിനെയാണ് എതിരിടുക? അത് ആ മഹാത്മാവിന്റെ നാവിലൂടെ ഉത്ഭവിച്ച അല്ലാഹുവിന്റെ വചനങ്ങളാകുന്നു. അല്ലാഹു ലോകത്തിന് വിശേഷിച്ച് അറബ് മുസ്‌ലിംകൾക്ക് ദൈവനിയോഗിതന്റെ സന്ദേശത്തെ മനസ്സിലാക്കനുള്ള ബുദ്ധിയും ധൈര്യവും നൽകുകയും, മുസ്‌ലിം സമുദായത്തെ ഇന്ന് വീണ്ടും ഏക സമുദായമാക്കുന്നതിൽ നബി തിരുമേനി (സ) യുടെ ഈ സത്യദാസന്റെ സഹായികളായിതീർക്കുകയും ചെയ്യട്ടെ. അല്ലാഹു നമുക്കും നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ജുമുഅ നമസ്കാരത്തിന് ശേഷം ഞാൻ രണ്ടു പേരുടെ ജനാസ നമസ്കരിപ്പിക്കുന്നതാണ്. ഒന്ന് ചൗധരി ബശീർ അഹ്‌മദ് സാഹിബ് ഭട്ടി ഭോൽചൗക് ജില്ല ശേഖോപുരയുടെ ഭാര്യ ഹക്കീം ബീബി സാഹിബയുടേതാണ്. 2014 ഏപ്രിൽ 3 ന് 84 ാം വയസ്സിലാണ് വഫാത്തായത്. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ 1953 ൽ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ് ബൈഅത്ത് ചെയ്ത് അഹ്‌മദിയത്തിൽ പ്രവേശിച്ചത്. റബ്‌വ ജൽസാ സാലാനയിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയെ കണ്ടപ്പോൾ സ്വപ്നത്തിൽ ബൈഅത്ത് ചെയ്യാനായി പറഞ്ഞ വ്യക്തി ഹുസൂർ തന്നെയാണെന്ന് പറഞ്ഞു. സഹോദര സഹോദരിമാരിൽ ഏക അഹ്‌മദിയായിരുന്നു. അഞ്ചുനേര നമസ്കാരശീലമുള്ളതും തഹ്‌ജ്ജുദ് നമസ്കരിക്കുകയും ധാരാളം ദുഃആയും ചെയ്യുന്ന വ്യക്തിയായിരുന്നു. സാധുക്കളെ സഹായിക്കുന്ന സൽപ്രകൃതക്കാരിയും ആത്മാർത്ഥയായ സ്ത്രീയായിരുന്നു. ജമാഅത്തിനോട് ആത്മാർത്ഥതയും കൂറും പുലർത്തിയിരുന്നു. ഭാരവാഹികളെ വളരെയേറെ ആദരിച്ചിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭർത്താവിനെ കൂടാതെ രണ്ട് പെൺമക്കളും 5 ആൺമക്കളുമാണുള്ളത്. അവരുടെ ഒരു മകൻ മുഹമ്മദ് അഫ്‌സൽ ഭട്ടി സാഹിബിനെ അവർ ജാമിഅയിൽ അയച്ചിരുന്നു. അദ്ദേഹം തൻസാനിയായിൽ മുബല്ലിഗ് ആയി സേവനമനുഷ്ഠിച്ചു വരികയാണ്. പ്രവർത്തന മൺഡലത്തിലായ കാരണത്താൽ അദ്ദേഹത്തിന് തന്റെ മാതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു പരേതയുടെ പദവികൾ ഉയർത്തട്ടെ. പ്രവർത്തന മൈതാനത്തിൽ സേവനമനുഷ്ഠിക്കുന്ന അവരുടെ ഈ മകന് സഹനവും ധൈര്യവും നൽകട്ടെ.

രണ്ടാമത്തെ ജനാസ കറാച്ചിയിലെ സയ്യിദ് മഹ്‌മൂദ് അഹ്‌മദ് ശാഹ് സാഹിബിന്റെതാണ്. 2014 മാർച്ച് 29 ന് 76 ാം വയസ്സിൽ ഹൃദയാഘാതത്താൽ വഫാത്തായി اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ അദ്ദേഹം വീട്ടിൽ വുളുവെടുത്ത് തന്റെ മുറിയിലേക്ക് അസർ നമസ്കരിക്കുവാനായി പോയതായിരുന്നു. കുറേ നേരം കാത്തിരുന്നതിനുശേഷം അകത്തു ചെന്നു നോക്കിയപ്പോൾ മുസല്ല നിവർത്തിയിട്ടുണ്ടായിരുന്നില്ല, മടക്കിവെച്ചിരിക്കുകയായിരുന്നു. നമസ്കാരത്തിനുമുമ്പേ അല്ലെങ്കിൽ നമസ്കാരത്തിനു ശേഷമോ ആയിരിക്കാം മുസല്ലയ്ക്കുമേൽ കിടക്കുകയായിരുന്നു. ഉടൻ തന്നെ കട്ടിലിൽ കിടത്തി. ആംബുലൻസ് വരുത്തിച്ചു. ഡോക്ടർ പരിശോധിച്ചതിനു ശേഷം മരിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് പറഞ്ഞു. അദ്ദേഹം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായ സയ്യിദ് നാസിർ ഹുസൈൻ ശാഹ് സാഹിബിന്റെ പുത്രനും ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റ) യുടെ മാതൃ സഹോദരിപുത്രനായ അബ്ദുല്ലാഹ് സാഹിബിന്റെ മരുമകനുമായിരുന്നു.

വളരെയധികം ദയാലുവും സഹനശീലനും സൽപ്രകൃതക്കാരനും ധാരാളം ദുഃആ ചെയ്യുന്ന പ്രകൃതക്കാരനുമായിരുന്നു. ജമാഅത്തിനോടും ഖിലാഫത്തിനോടും അങ്ങേയറ്റം സ്നേഹം ഉണ്ടായിരുന്നു. വിവിധ പദവികളിൽ ദീർഘകാലം ഭാരവാഹിത്വം വഹിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചിരുന്നു. തഹജ്ജുദ് നമസ്കരിക്കുകയും നമസ്കാരത്തിൽ കൃത്യനിഷ്ഠത പുലർത്തുകയും ചെയ്തിരുന്നു. കൃത്യമായി വഖ്ഫെ ആർസി ചെയ്യുമായിരുന്നു. ഓരോ വർഷവും അസ്വസ്ഥതയോടെ ജൽസാ സാലാനയെ പ്രതീക്ഷിച്ചിരിക്കുകയും ഇവിടെ എത്തുകയും ചെയ്യുമായിരുന്നു. ജൽസയിൽ പങ്കെടുക്കുന്നതിൽ അദ്ദേഹം അതീവ തൽപരനായിരുന്നു.

കറാച്ചിയിൽ ദീർഘകാലം തന്റെ ഹൽഖയിൽ സെക്രട്ടറി വസായയായി സേവനമനുഷ്ടിച്ചിരുന്നു. മൂസിയായിരുന്നു. ഭാര്യയെ കൂടാതെ ഒരു മകളും 4 ആൺമക്കളുമാണ് ഉള്ളത്. അവരെല്ലാവരും പാക്കിസ്ഥാന് പുറത്ത് ആസ്ത്രേലിയ, അമേരിക്ക, ആഫ്രിക്ക തുടങ്ങിയ സ്ഥലങ്ങളിലാണ് വസിക്കുന്നത്. അദ്ദേഹത്തിന്റെ രണ്ട് സഹോദരന്മാർ ഇവിടെയുണ്ട്. സയ്യിദ് നസീർ ശാഹ് സാഹിബ് അദ്ദേഹം ഇപ്പോൾ യു.കെ രിശ്തനാതയുടെ ഇൻചാർജാണ്. അല്ലാഹു പരേതന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. കാരുണ്യത്തോടെ വർത്തിക്കട്ടെ. സന്തപ്ത കുടുംബാംഗങ്ങൾക്ക് സഹനവും സ്ഥൈര്യവും നൽകട്ടെ. അദ്ദേഹത്തിന്റെ നന്മകളെ നിലനിർത്തികൊണ്ടുപോകുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

# PRINTED BOOKS

**To**

If Undelivered Please Return To
**AHMADIYYA MUSLIM JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 April 11 at : Baitul Futuh Mosque, London.
Translation: T.M.Abdul Mujeeb, Thammanam - 09946794987-

Typing: A.T. Nasarudheen Calicut
Printed at: Digital Image Darussalam Complex Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**